(ബി) ഭൂരഹിത/ഭവനരഹിരായ 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അവരുടെ ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കാത്ത തരത്തിലും ഭൂമിയുടെ ലഭ്യതക്കുറവ് പരിഗണിച്ചും ഫ്ലാറ്റ് പോലുള്ള സുരക്ഷിത പാർപ്പിടം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനപദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം വലിയതുറയിൽ തിരുവനന്തപുരം നഗരസഭ വിട്ടുനൽകിയ 42.45 സെന്റ് സ്ഥലത്ത് 32 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ആരംഭിക്കുകയും ഇതിൽ എട്ട് ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം പൂർത്തിയായ എട്ട് ഫ്ലാറ്റുകളിലേയ്ക്കുള്ള ഗുണഭോക്താക്കളെ ജില്ലാതല മാനേജ്മെന്റ് കമ്മിറ്റി നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുകയും ടിയാളുകൾക്ക് ഫ്ലാറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിന് വേണ്ട സ്ഥലം കണ്ടെത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ഭവനങ്ങളുടെ അറ്റകുറ്റപ്പണി

120 (3227) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളുടെ അറ്റകുറ്റപ്പണിക്ക് കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ഭവന അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്, സംയോജിത മത്സ്യഗ്രാമവികസന പദ്ധതി (2013-14), മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും

LIBRARY ARCHIVES Kerala Legislative Assembly

(2015-16) എന്നിവയിൽ ഉൾപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് മുഖേന 1000 മത്സ്യത്തൊഴിലാളി ഭവനങ്ങളും സംയോജിത മത്സ്യഗ്രാമവികസന പദ്ധതി പ്രകാരം 1000 മത്സ്യത്തൊഴിലാളി ഭവനങ്ങളുടെയും മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസന പദ്ധതിപ്രകാരം 3800 മത്സ്യത്തൊഴിലാളി ഭവനങ്ങളും അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിനുള്ള ധനസഹായമാണ് നൽകുന്നത്. മേൽപ്പറഞ്ഞതു കൂടാതെ 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് മുഖേനയുള്ള കോളനി നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത ഫിഷർമെൻ കോളനികളിലെ 921 മത്സ്യത്തൊഴിലാളി ഭവനങ്ങൾ അറ്റകുറ്റപ്പണി നടത്തുന്നതിനും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളുടെ കാലപ്പഴക്കത്താലുള്ള ജീർണ്ണത പരിഹരിച്ച് സുരക്ഷിത ജീവിതസാഹചര്യം ഒരുക്കുക എന്നതാണ് ഉദ്ദേശ്യലക്ഷ്യം. ഇങ്ങനെ ഭവനങ്ങൾ അറ്റകുറ്റപ്പണി നടത്തി ശക്തിപ്പെടുത്തുന്നതിനായി യൂണിറ്റിന് 50,000 രൂപ വീതമാണ് അനുവദിക്കുന്നത്.

(സി) മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ തുക ബന്ധപ്പെട്ട ജില്ലാ ഫിഷറീസ് ഓഫീസർക്ക് സമയബന്ധിതമായി അനുവദിക്കുകയും നിർവ്വഹണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും പദ്ധതിപ്രവർത്തന പുരോഗതികൾ ഡിപ്പാർട്ട്മെന്റ്/സർക്കാർ തലത്തിൽ എല്ലാ മാസത്തിലും വിലയിരുത്തുകയും ചെയ്യുന്നു.

## മത്സ്യത്തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി മുഖേന ധനസഹായം

121 (3228) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ധനസഹായം ലഭിക്കാൻ എന്തെല്ലാം കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly